# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *280** **13.03. 2017 ൽ മറുപടിയ്ക്ക്**

## കർഷകക്ഷേമ ബോർഡ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. സി.കെ. നാണു**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) 2015-ലെ കാർഷിക നയത്തിൽ ഉൾപ്പെട്ട കർഷകക്ഷേമ ബോർഡിന്റെ രൂപീകരണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് സമയക്രമം തീരുമാനിച്ചിട്ടുണ്ടോ; | എ) കഴിഞ്ഞ സർക്കാരിന്റെ 17.02.2016-ലെ മന്ത്രിസഭാ തീരുമാനപ്രകാരം കൃഷിയിലൂടെ ജീവിത മാർഗ്ഗം കണ്ടെത്തുന്നവരുടെ ക്ഷേമത്തിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്ന തീരുമാനവുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. |
| ബി) കർഷകർക്കുള്ള വരുമാനം ഉറപ്പു വരുത്താൻ നിയമം (ഫാർമേഴ്സ് ഇൻകം ഗ്യാരണ്ടി ആക്ട്), അവകാശലാഭം, കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനുള്ള വിവിധ പദ്ധതികൾ എന്നിവയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ബി) മാറി മാറി വന്ന കേന്ദ്ര സർക്കാരുകളുടെ നയങ്ങൾ മൂലം രാജ്യത്ത് ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്തതായി പാർലമെന്റിൽത്തന്നെ കേന്ദ്ര സർക്കാർ കണക്കുകൾ നൽകിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യകൾ ഉണ്ടാകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തും. കർഷകന് സർക്കാരിൽ നിന്നും പൂർണ്ണ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യും. ഇതിനായി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നതിനും കർഷക ആത്മഹത്യ പ്രതിരോധിക്കുന്നതിനും കൃഷി വകുപ്പ് കർഷക പെൻഷൻ, പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം ഉണ്ടാകുന്ന കർഷകർക്ക് നഷ്ടപരിഹാരം, പച്ച തേങ്ങ |

സംഭരണം, ഓണം സമൃദ്ധി പദ്ധതി, നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കൽ, കാർഷിക വായ്പ്പ് തിരിച്ചടവ് മൊറട്ടോറിയം, ഇ-പേയ്മെന്റ് സംവിധാനം, വിള ആരോഗ്യ ക്ലിനിക്കുകൾ, പ്രത്യേക കാർഷിക മേഖലകൾ എക്കോ ഷോപ്പുകൾ, ശീതീകരണ ശൃംഖല, കർഷക മിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ, വിപണന പോർട്ടലുകൾ, മൂല്യ വർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകൾ, സംയോജിത കൃഷിരീതിയും വ്യാപനവും എന്നീ പദ്ധതികൾ, നടപ്പിലാക്കിവരുന്നു. ലാഭകരമായ കൃഷിയിലൂടേയും മൂല്യ വർദ്ധിത സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സജ്ജമാക്കിയും കർഷകന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തിയും കർഷക ആത്മഹത്യയെ പ്രതിരോധിക്കുവാൻ മേൽ പരാമർശിച്ച വിവിധ പദ്ധതികൾ വഴി ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ